പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7388 17.07.2012- ൽ മറുപടിക്ക്

പ്രവാസി മലയാളികൾക്ക് അപകട ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)പ്രവാസി മലയാളികൾക്ക് അപകട ഇൻഷ്വറൻസും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി)ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;<br><br>(സി)ഏതെല്ലാം പ്രവാസി മലയാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ;<br><br>(ഡി)ഏത് ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | (എ, ബി, സി & ഡി) വിദേശരാജ്യങ്ങളിൽ താമസിക്കുന്ന/ജോലി ചെയ്യുന്ന മലയാളികൾക്ക് ഒരു സൗ ജന്യ അപകട ഇൻഷ്വറൻസ് ഉൾപ്പെടുന്ന തിരിച്ചറിയൽ കാർഡ് നിലവിൽ നൽകിവരുന്നുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ഒരു ഡാറ്റാ ബേസ് ലഭ്യമാകുന്നതിനും അവരുടെ അടിയന്തിരഘട്ടങ്ങളിൽ കാർഡിനായി അവർ സമർപ്പിച്ച വ്യക്തിപരമായ വിവരം ഉപയോഗിച്ച് ഉടനടി കഴിയുന്ന സഹായം ലഭ്യമാക്കുക എന്നതും ആണ് പ്രധാന ഉദ്ദേശ്യം. 300 രൂപ ഫീസ് നൽകി എടുക്കുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് മൂന്ന് വർഷത്തേക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും സ്ഥിര വൈകല്യങ്ങൾക്ക് 2,00,000 രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 1,00,000 രൂപ വരെ നൽകാനും തീരുമാനമായിട്ടുണ്ട്. കൂടാതെ കേരളത്തിന് പുറത്ത്, ഇന്ത്യയ്ക്കകത്ത് താമസിക്കുന്ന മലയാളികൾക്കും പ്രസ്തുത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 18 വയസ്സ് തികഞ്ഞവരും രണ്ട് വർഷമോ അതിൽ കൂടുതലോ കേരളത്തിന് പുറത്ത് (ഇന്ത്യയ്ക്കകത്ത്) ജോലി ചെയ്ത് വരുന്നവർ അല്ലെങ്കിൽ കേരളത്തിന് പുറത്ത് സ്ഥിരം താമസിക്കുന്നവർക്ക് ഈ പദ്ധതിയിൽ അംഗങ്ങളാകാം. നോർക്ക - റൂട്ട്സ് മുഖാന്തിരമാണ് തിരിച്ചറിയൽ കാർഡ് നൽകുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരമാണ്. |

സെക്ഷൻ ഓഫീസർ